കളക്ടറേറ്റ്, വയനാട്
തിയ്യതി-**02/03/2019**

ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടറുടെ
നടപടിക്രമം
(ഹാജർ- എ.ആർ.അജയകുമാർ IAS)

വിഷയം- ദുരന്തനിവാരണം- സൂര്യാഘാതം ഒഴിവാക്കാനായി
വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ടുന്ന നടപടികൾ-
ഉത്തരവാകുന്നത്- സംബന്ധിച്ച്
സൂചന- 1. KSDMA മെമ്പർ സെക്രട്ടറിയുടെ ഇമെയിൽ
സന്ദേശം- നമ്പർ DM/486/2016/KSDMA തിയ്യതി
2.3.2019

------

വരും ദിവസങ്ങളിൽ അന്തരീക്ഷ താപനില ശരാശരിയിൽ നിന്ന് കൂടുവാൻ സാധ്യത ഉണ്ടെന്നും നിലവിലെ സാഹചര്യത്തിൽ കേരളത്തിൽ പൊതുവെ 2 മുതൽ 4 ഡിഗ്രി വരെ ചൂട് കൂടിയേക്കാമെന്നും സൂചന പ്രകാരം കേരള ദുരന്തനിവാരണ അതോറിറ്റി നിർദേശിച്ചിട്ടുണ്ട്. ചില പ്രദേശങ്ങളിൽ 8 ഡിഗ്രി വരെ ചൂട് വർധിക്കാൻ സാധ്യതയുണ്ട്.

താപനിലയിൽ ഇത്തരത്തിൽ വർധന ഉണ്ടാകുന്നത് Heat Wave നും സൂര്യാഘാതത്തിനും കാരണമായേക്കാം. ഇത്തരത്തിൽ ദുരന്തം ഉണ്ടാകുന്നത് തടയാനായി നടപടി കൈക്കൊള്ളേണ്ടതുണ്ട്.
ആയതിൻറെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ വിവിധ വകുപ്പുകൾ/ തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച് 2005 ലെ ദുരന്തനിവാരണ നിയമം, വകുപ്പ് 34 (h), 34 (m), 30 (1), 30(2) (iii), 30 (2) (v) പ്രകാരം ചുവടെ ചേർത്ത നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**<u>1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)</u>**

• ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, ഉദ്യോഗസ്ഥർ എന്നിവർക്ക് ഉഷ്ണതരംഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സന്നദ്ധരാവാൻ നിർദേശം നൽകുക.
• പൊതുജനതാല്പര്യാർത്ഥം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും ബോധവൽക്കരണത്തിനുതകുന്ന പോസ്റ്ററുകളും ബ്രോഷറുകളും പാംഫ്ലറ്റുകളും സജ്ജമാക്കുക.
• ശുദ്ധജലം, മരുന്നുകൾ, ORS, ഐസ് പാക്കുകൾ തുടങ്ങിയവയുടേയും ആവശ്യാനുസരണമുള്ള സ്റ്റോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് ആശുപത്രികളിലും ഉണ്ടെന്ന് ഉറപ്പ് വരുത്തുക.
• ആശാ വർക്കർമാരെയും ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരേയും ഉപയോഗിച്ച് ഊർജിതമായ ബോധവൽക്കരണ

പരിപാടികൾ സംഘടിപ്പിക്കുക.
• റിപ്പോർട്ട് ചെയ്യപ്പെടുന്ന സൂര്യാഘാത കേസുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ സമയബന്ധിതമായി District Emergency Operating Centre ൽ അറിയിക്കുക.

**2. ജില്ലാ ലേബർ ഓഫീസർ**

• തൊഴിൽ ദാതാക്കൾ, ഫാക്ടറി മാനേജർമാർ, പുറം തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികൾ, നിർമാണ തൊഴിലാളികൾ, പൊതുമരാമത്ത് വകുപ്പ് തൊഴിലുകളിൽ ഏർപ്പെടുന്നവർ, പൊതുമരാമത്ത് വകുപ്പ് സൂപ്പർവൈസർമാർ, ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർ, മറ്റ് ഫീൽഡ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് സൂര്യാഘാതം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും അവയെ നേരിടാനുള്ള മാർഗങ്ങളെയും സംബന്ധിച്ച് അടിയന്തിരമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

• സൂര്യതാപമേൽക്കാനിടയുള്ള തൊഴിൽ ഏർപ്പെടുന്നവരുടെ തൊഴിൽ സമയം പുനഃക്രമീകരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക. സൂര്യാഘാതം ഏൽക്കാൻ സാധ്യത കൂടുതലുള്ള പകൽ 11 മുതൽ 3 മണി വരെ വിശ്രമം അനുവദിക്കുന്ന തരത്തിലാണ് സമയ പുനഃക്രമീകരണം നടത്തേണ്ടത്.

• നിർമാണ സൈറ്റുകളിലും മറ്റ് തൊഴിലിടങ്ങളിലും കുടിവെള്ള ലഭ്യതയും എമെർജൻസി മെഡിസിൻസ്, ORS, വിശ്രമ സൗകര്യം എന്നിവ ഉറപ്പ് വരുത്തുക.

• ഇതര സംസ്ഥാന തൊഴിലാളികളിലേക്ക് കൂടി ബോധവൽക്കരണം എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. മലയാളത്തിലും ഇതര ഭാഷകളിലും തൊഴിലാളികൾക്കായി പ്രത്യേക ബ്രോഷറുകൾ, നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്യുക.

• തൊഴിലിടങ്ങളിൽ മുൻകരുതലുകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തുക.

**3. ജില്ലാ മൃഗസംരക്ഷണ ഓഫീസർ/ ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസന വകുപ്പ്)**

• വളർത്തു മൃഗങ്ങൾക്കും പക്ഷികൾക്കും കന്നുകാലികൾക്കും തണലും കുടിവെള്ളവും വീടുകളിലും ഫാമുകളിലും ഉറപ്പ് വരുത്തുക. അതിനായി പൊതുജനങ്ങൾക്കിടയിൽ വിപുലമായ ക്യാമ്പയിൻ നടത്തുക.

• സൂര്യാഘാതം മൂലം മൃഗങ്ങൾക്കുണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വെറ്റിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തുക.

• മൃഗാശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകളും സൗകര്യങ്ങളും ഉറപ്പ് വരുത്തുക.

• തീവ്രമായ ചൂടനുഭവപ്പെടുന്ന സമയങ്ങളിൽ കാലികളെ മേയാൻ വിടുന്നതിയന്ത്രിക്കുകയും ആവശ്യമായ ബോധവൽക്കരണം ബന്ധപ്പെട്ട വിഭാഗം ജനങ്ങളിൽ നടത്തുക.

• ജലവിഭവ വകുപ്പുമായി സഹകരിച്ച് കൊണ്ട് മൃഗങ്ങൾക്കുള്ള വെള്ളത്തിൻറെ ലഭ്യത ഉറപ്പാക്കുന്ന തരത്തിൽ വിപുലമായ ഒരു പദ്ധതിക്ക് രൂപം നൽകുക. അലഞ്ഞു തിരയുന്ന കന്നുകാലികൾ, പക്ഷികൾ എന്നിവക്കുള്ള ജല ലഭ്യത കൂടി പരിഗണിക്കണം.

**4. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/** റീജിയണൽ **ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കോഴിക്കോട്/** ജില്ലാ കോ-ഓർഡിനേറ്റർ, ഹയർ സെക്കണ്ടറി സ്കൂളുകൾ & പ്രിൻസിപ്പൽ മാനന്തവാടി GHSS/ പ്രിൻസിപ്പൽ, NMSM Govt College/ പ്രിൻസിപ്പൽ, കേന്ദ്രീയ വിദ്യാലയ, കൽപറ്റ

• സൂര്യാഘാതം ഏൽക്കാൻ സാധ്യതയുള്ളതിനാൽ സ്കൂൾ അസ്സെംബ്ളികൾ ഒഴിവാക്കുകയോ സമയ ദൈർഘ്യം പരമാവധി ചുരുക്കുകയോ ചെയ്യുക. ഉഷ്ണ തരംഗ ജാഗ്രത നിർദേശം പുറപ്പെടുവിച്ച് കഴിഞ്ഞാൽ അസ്സെംബ്ലി നിർബന്ധമായി ഒഴിവാക്കുക.

• സ്കൂളിലെ പി.ഇ.റ്റി പീരിയഡുകൾ നിയന്ത്രിക്കുക. വിദ്യാർത്ഥികളെ തുറസ്സായ മൈതാനങ്ങളിൽ വിടാതിരിക്കുക.

• സ്കൂളിലെ കായിക-കലാ പരിപാടികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. സൂര്യാഘാതമേൽക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചെന്ന് ഉറപ്പ് വരുത്തുക.

• വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ORS, എമെർജൻസി മെഡിസിൻ എന്നിവ ലഭ്യമാക്കുക.

• ക്ലാസ് മുറികളിൽ വായു സഞ്ചാരം സാധ്യമാക്കുക. തുറസ്സായ സ്ഥലങ്ങളിലേക്ക് ക്ലാസുകൾ മാറ്റുന്നത് ഒഴിവാക്കുക.

• അധ്യാപകർക്കും മറ്റ് ഓഫീസ് ഉദ്യോഗസ്ഥർക്കും പ്രാഥമിക ശുശ്രൂഷയുടെ പരിശീലനം നൽകുക.

• മുഴവൻ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും സൂര്യാഘാതത്തെ സംബന്ധിച്ചും അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെ കുറിച്ചും ബോധവൽക്കരണം നടത്തുക. അത് ഒരു ജനകീയ ക്യാമ്പയിൻ ആയി വളർത്തിയെടുക്കുക.

• സൂര്യാഘാതം, ഉഷ്ണതരംഗം, വരൾച്ച തുടങ്ങിയവയെ സംബന്ധിച്ച് ഭൂമിശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ മുഴവൻ പൊതു-സ്വകാര്യ വിദ്യാലയങ്ങളിലും

ബോധവൽക്കരണം നടത്തണം.

• സൂര്യ രശ്മികളുമായുള്ള നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കാൻ കുടയോ തൊപ്പിയോ ഉപയോഗിക്കുന്നതിനെ വിദ്യാർത്ഥികൾക്കിടയിൽ പ്രോത്സാഹിപ്പിക്കുക.

• പൊതുവിദ്യാലയങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും അംഗനവാടികളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാ ശാലകളിലും സൂര്യാഘാതത്തെ നേരിടാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതാണ്.

• ആവശ്യമെങ്കിൽ വിദ്യാഭാസ സ്ഥാപനങ്ങളുടെ സമയം പുനക്രമീകരിക്കാവുന്നതാണ്.
. എല്ലാ സി.ബി.എസ്.ഇ. സ്കൂളുകൾക്കും ഈ ഉത്തരവ് കേന്ദ്രീയ വിദ്യാലയ പ്രിൻസിപ്പൽ നൽകേണ്ടതാണ് (ഇമെയിൽ മുഖേന നൽകിയാൽ മതിയാകും)
. ജില്ലയിലെ എല്ലാ കോളേജുകൾക്കും ഈ ഉത്തരവ് കൽപറ്റ NMSM Govt കോളജ് പ്രിന്സിപ്പൽ നൽകേണ്ടതാണ് (ഇമെയിൽ മുഖേന നൽകിയാൽ മതിയാകും)

**5. സെക്രട്ടറി, ഗ്രാമ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ**

• പ്രാദേശികമായി പൊതുജനങ്ങൾക്കും യാത്രക്കാർക്കും കുടിവെള്ളം ലഭിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യങ്ങൾ സ്ഥാപിക്കുക.

• തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും വിശ്രമ സൗകര്യങ്ങൾ ഒരുക്കുക.

• പൊതുവൃക്ഷങ്ങൾ ഉണങ്ങി പോകുന്നത് ഒഴിവാക്കാൻ വെള്ളമൊഴിക്കാൻ വേണ്ട നടപടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകുക.

• ജലവിഭവ വകുപ്പുമായും കേരള വാട്ടർ അതോറിറ്റിയുമായും സഹകരിച്ച് കൊണ്ട് കുടിവെള്ള ക്ഷാമം മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

• കുളങ്ങൾ, തോടുകൾ തുടങ്ങിയവ വൃത്തിയാക്കി സംരക്ഷിക്കുക. മൃഗങ്ങൾക്ക് കുടി ജലലഭ്യത ഉറപ്പ് വരുത്തുക.

• സൂര്യാഘാതം സംബന്ധിച്ചുള്ള ബോധവൽക്കരണ ക്യാമ്പയിൻ പൊതുജനങ്ങൾക്കിടയിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

**6. വൈൽഡ് ലൈഫ് വാർഡൻ, സു.ബത്തേരി/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട് / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട് / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി**

• വനങ്ങളിലും വന്യജീവി സങ്കേതങ്ങളിലും ജല ലഭ്യത ഉറപ്പാക്കുക.

• കുടിവെള്ളം തേടി വന്യമൃഗങ്ങൾ കാട് വിട്ടിറങ്ങുന്നതിനുള്ള സാധ്യത മുന്നിൽ കണ്ടുള്ള ജാഗ്രത പാലിക്കുക.

• കാട്ടുതീ സാധ്യത പരിഗണിച്ച് കാട്ടുതീ പ്രതിരോധത്തിനായി വനം വകുപ്പിൻറെ Standard Operating Procedure പ്രകാരം ഉള്ള എല്ലാ നടപടി ക്രമങ്ങളും ഉറപ്പാക്കുക.

**7. സെക്രട്ടറി, DTPC/ Deputy Director (Tourism), Wayanad**

• വിനോദസഞ്ചാര മേഘലയിൽ സൂര്യാഘാത സാധ്യത ഒഴിവാക്കുവാനായി വിനോദ സഞ്ചാരികൾക്ക് ഇതോട് അനുബന്ധിച്ച് നൽകിയിട്ടുള്ള ലഘുലേഖ പ്രിൻറ് ചെയ്ത് നൽകുക.

• വിനോദസഞ്ചാര സ്ഥലങ്ങളിൽ ശുദ്ധജലവും, അടിയന്തിര ശുശ്രൂഷയ്ക്കുള്ള കിയോസ്കുകളും തയ്യാറാക്കുക.

**8. ജില്ലാ പോലീസ് മേധാവി**

• തീവ്രമായ വെയിൽ എൽക്കുവാൻ സാധ്യതയുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരോടും 11 am മുതൽ 3 pm വരെ കുട ഉപയോഗിക്കുവാൻ നിർദേശിക്കുക.

• ഇത്തരം സാഹചര്യത്തിൽ പ്രവർത്തിക്കുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥരും ചെറിയ സ്റ്റീൽ കുപ്പിയിൽ ചുരുങ്ങിയത് 1 ലിറ്റർ കുടിവെള്ളം കയ്യിൽ കരുതുവാൻ നിർദേശിക്കുക.

ഈ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഈ ഉത്തരവ് ഇന്നുമുതൽ ബാധകമായിരിക്കുന്നതും ഇനിയൊരുത്തരവ് പുറപ്പെടുവിക്കുന്നത് വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

AJAYAKUMAR A R, DC DCWYD, O/O DC WAYANAD
ചെയർമാൻ, DDMA & ജില്ലാ കളക്ടർ, വയനാട്

1. ജില്ലാ പോലീസ് മേധാവി, വയനാട്
2. ജില്ലാ മെഡിക്കല് ഓഫീസർ (ആരോഗ്യം)
3. ജില്ലാ ലേബര് ഓഫീസർ
4. ജില്ലാ മൃഗസംരക്ഷണ ഓഫീസർ
5. ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസന വകുപ്പ്)
6. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്
7. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കോഴിക്കോട്

8. ജില്ലാ കോ-ഓര്ഡിനേറ്റർ, ഹയർ സെക്കണ്ടറി സ്കൂളുകള് & പ്രിന്സിപ്പല് മാനന്തവാടി GHSS
9. പ്രിന്സിപ്പല്, NMSM Govt College
10. പ്രിന്സിപ്പല്, കേന്ദ്രീയ വിദ്യാലയ, കല്പറ്റ
11. സെക്രട്ടറി, ഗ്രാമ പഞ്ചായത്തുകള്/ മുനിസിപ്പാലിറ്റികള്
12. വൈല്ഡ് ലൈഫ് വാർഡന്, സു.ബത്തേരി
13. ഡിവിഷണല് ഫോറസ്റ്റ് ഓഫീസര്, നോര്ത്ത് വയനാട്
14. ഡിവിഷണല് ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട്
15. ഡിവിഷണല് ഫോറസ്റ്റ് ഓഫീസർ, സോഷ്യല് ഫോറസ്ട്രി
16. സെക്രട്ടറി, DTPC/ Deputy Director (Tourism), Wayanad

പകർപ്പ്

1. ഡി.ഡി.എം.എ. അംഗങ്ങൾക്ക്
2. സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, മാനന്തവാടി
3. തഹസിൽദാർ, സു.ബത്തേരി/മാനന്തവാടി/വൈത്തിരി
4. ജില്ലാ വിദ്യാഭ്യാസ ഓഫീസർ
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ (മാധ്യമങ്ങളിലേക്ക് നൽകാനായി)
6. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ (ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)